I ഇ.ബി. XV - കേരള നിയമസഭ/V-5

# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ജൂലൈ 5, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

ആവിക്കൽതോട് മാലിന്യസംസ്കരണ പ്ലാന്റിനെതിരെയുള്ള പ്രതിഷേധസമരം

മി. സ്പീക്കർ: ആവിക്കൽതോട് മാലിന്യസംസ്കരണ പ്ലാന്റിനെതിരെ പ്രതിഷേധിച്ച പ്രദേശവാസികളെ മർദ്ദിക്കുകയും കേസെടുക്കുകയും ചെയ്തുകൊണ്ട് ജനകീയ സമരങ്ങളെ അടിച്ചൊതുക്കാൻ പോലീസ് നടത്തുന്ന

ശ്രമങ്ങൾമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ. എ. പി. അനിൽ കുമാർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ.എം. വി. ഗോവിന്ദൻ മാസ്റ്റർ): ഖര-ദ്രവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുകയെന്നത് സർക്കാരിന്റെ വികസന ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടതാണ്. അമൃത് പദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് കോർപ്പറേഷന്റെ കൈവശമുള്ള 74 സെന്റ് ഭൂമിയിൽ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് 60 കോടി രൂപ ചെലവിൽ 2023 മാർച്ച് 31-നകം മാലിന്യ സംസ്കരണ പ്ലാന്റ് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. മലിനീകരണ നിയന്ത്രണ ബോർഡിന്റേയും തീരദേശപരിപാലന അതോറിറ്റിയുടേയും മറ്റ് അംഗീകൃത ഏജൻസികളുടേയും അനുമതിയും അംഗീകാരവും ലഭിച്ചതിനുശേഷമാണ് പദ്ധതിക്ക് തുടക്കം കുറിച്ചത്. പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പുതന്നെ കൗൺസിലർമാർക്കായി വിശദമായ പദ്ധതി അവതരണം നടത്തുകയും വാർഡുതല കമ്മിറ്റി യോഗം ചേരുകയുമുണ്ടായി.

പ്രതിഷേധമുണ്ടായതിനെത്തുടർന്ന് മണ്ണുപരിശോധന നിർത്തിവയ്ക്കുകയും പ്രശ്നപരിഹാരത്തിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ സമരസമിതി ആഹ്വാനം ചെയ്ത തീരദേശ ഹർത്താലിനെത്തുടർന്നുണ്ടായ അക്രമസംഭവങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എല്ലാ ജനവിഭാഗങ്ങളുടെയും പരിപൂർണ്ണ പിന്തുണയോടുകൂടി മാത്രമേ ഖര-ദ്രവ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ എല്ലാവരുടെയും യോജിച്ച പ്രവർത്തനം ആവശ്യമാണ്.

ഡോ. എം. കെ. മുനീർ: മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ആവിക്കൽതോട് പ്രദേശത്താണ് സർക്കാർ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. നിലവിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്ന ആവിക്കൽതോടിന്റെ തീരത്ത് സ്ഥാപിക്കുന്ന പ്രസ്തുത പ്ലാന്റിന് സാങ്കേതിക തകരാറുണ്ടായാൽ ആ പ്രദേശം മുഴുവൻ മലിനമാകുമെന്ന ആശങ്കയാണ് ജനങ്ങൾക്കുള്ളത്. പ്ലാന്റ് സ്ഥാപിക്കാൻ അനുയോജ്യമായ വേറെ സ്ഥലം കോഴിക്കോട് കോർപ്പറേഷൻ പരിധിയിലുണ്ടായിട്ടും ആവിക്കൽതോടിൽത്തന്നെ നടപ്പിലാക്കുന്നതുകൊണ്ടാണ് ജനങ്ങൾ

പ്രതിഷേധിച്ചത്. പ്രതിഷേധക്കാരെ പോലീസ് ക്രൂരമായി തല്ലിച്ചതച്ച് സമരപ്പന്തൽ കയ്യേറിയ സംഭവം ദൗർഭാഗ്യകരമാണ്. പ്രതിപക്ഷം പ്രസ്തുത പ്രദേശത്തെ ജനങ്ങളോടൊപ്പമാണ്. വേണ്ടത്ര ചർച്ചകൾ നടത്തി മറ്റേതെങ്കിലും സ്ഥലം കണ്ടുപിടിച്ച് പ്രസ്തുത പ്ലാന്റ് സ്ഥാപിക്കാനും ഇതിനായി അനുവദിച്ച തുക നഷ്ടപ്പെടാതിരിക്കാനും നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണം.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: എന്റെ മണ്ഡലത്തിൽപ്പെട്ട പദ്ധതിയാണിത്. ഒന്നാം പിണറായി സർക്കാരിന്റെ ഭരണകാലത്ത് കോർപ്പറേഷൻ കൗൺസിൽ ഐകകണ്ഠ്യേന അംഗീകരിച്ച പ്രസ്തുത പദ്ധതി കോർപ്പറേഷൻ വക സ്ഥലത്താണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. പ്രദേശവാസികൾക്ക് പ്രയോജനപ്പെടുന്ന വലിയൊരു പദ്ധതി ആവശ്യമില്ലാത്ത തർക്കങ്ങളുന്നയിച്ച് നഷ്ടപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ ജനങ്ങളുടെ എതിർപ്പുണ്ടാകുന്നത് സ്വാഭാവികമാണ്. ബോധവൽക്കരണത്തിലൂടെ മാത്രമേ ജനങ്ങളെ ഇതിൽ നിന്നും

പിന്തിരിപ്പിക്കാൻ സാധിക്കുകയുള്ളൂ. സർവ്വകക്ഷി യോഗങ്ങളിൽ ഏകകണ്ഠമായി ആവശ്യപ്പെട്ടതിനെത്തുടർന്നാണ് മാലിന്യ സംസ്കരണ പ്ലാന്റ് നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചത്. ആവിക്കൽതോട് മാലിന്യമുക്തമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. മാലിന്യസംസ്കരണ പ്ലാന്റ് യാഥാർത്ഥ്യമാകുന്നതോടുകൂടി സംസ്കരണശാലയിൽനിന്നും പുറന്തള്ളപ്പെടുന്ന ജലം കാർഷിക-കാർഷികേതര ആവശ്യങ്ങൾക്ക് ഉപയുക്തമാക്കാൻ സാധിക്കുമെന്നതിനാൽ മാലിന്യപ്രശ്നമുണ്ടാകുന്നില്ല. അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന പ്ലാന്റിന്റെ പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യണമെന്ന വ്യവസ്ഥയോടുകൂടിയാണ് കരാർ നൽകിയിട്ടുള്ളത്. സംസ്കരണശാലയുടെ ശാസ്ത്രീയത ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിന് ഏവരുടെയും പിന്തുണയുണ്ടാകണം. നവകേരളം കർമ്മ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ശാസ്ത്രീയമായ മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ അനിവാര്യമാണ്. നഗരസഭയുടെ കൈവശമുള്ള പ്രസ്തുത പ്രദേശം വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ് , അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധ ക്ഷണിക്കൽ

### 1. സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്ന നടപടി തിരുത്തൽ

ശ്രീ. പി. നന്ദകുമാർ: സംസ്ഥാനങ്ങളുടെ സാമ്പത്തികസ്ഥിതിയെ തകർക്കുന്നതും ഫെഡറൽ സംവിധാനത്തിന് ആഘാതമേൽപ്പിക്കുന്നതുമായ നയങ്ങളാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ സംസ്ഥാന സർക്കാരുകൾക്കുള്ള കേന്ദ്ര നികുതിവിഹിതം വെട്ടിക്കുറച്ചിരിക്കുകയാണ്. ബഡ്ജറ്റിന് പുറത്തുള്ള കടം പബ്ലിക് ഡെഫിസിറ്റിൽ ഉൾപ്പെടുത്താനും ജി.എസ്.ടി. കോമ്പൻസേഷനിൽനിന്നും ഒഴിവാക്കാനും റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് നിർത്തലാക്കാനുമുള്ള കേന്ദ്രനീക്കം അപലപനീയമാണ്. കടമെടുപ്പ് പരിധിയിൽ നിയന്ത്രണങ്ങളേർപ്പെടുത്താനും സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കി വികസനപ്രവർത്തനങ്ങൾക്ക്

തടസ്സം സൃഷ്ടിക്കാനുമുള്ള കേന്ദ്രനീക്കത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുകയും അർഹതപ്പെട്ട ജി.എസ്.ടി. വിഹിതം നേടിയെടുക്കാനുള്ള ഇടപെടൽ നടത്തുകയും വേണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ധനകാര്യ കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ ഏകപക്ഷീയമായി ഭേദഗതി വരുത്തിയതുസംബന്ധിച്ച് സംസ്ഥാനത്തിന്റെ വിയോജിപ്പ് അറിയിച്ചിട്ടുണ്ട്. കേന്ദ്രം സംസ്ഥാനങ്ങൾക്ക് വിഭജിച്ചുനൽകേണ്ട നികുതിവിഭവങ്ങളുടെ അനുപാതം 41 ശതമാനമായി കുറച്ചിട്ടുണ്ട്. ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയും റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് നിർത്തലാക്കാൻ പോകുകയുമാണ്. നികുതി വിഹിതത്തിലുണ്ടാകുന്ന കുറവ് സംബന്ധിച്ച് മെമ്മോറാണ്ടങ്ങളിലൂടെ ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ധനകാര്യ മന്ത്രാലയം അംഗീകരിച്ച നിർദ്ദേശങ്ങൾ മാത്രമേ നടപ്പിലാക്കുകയുള്ളൂ. നികുതിവിഹിതം വർദ്ധിപ്പിക്കാനുള്ള സമീപനം കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലെന്നുള്ളത് ഗൗരവതരമായ വിഷയമാണ്. ജൂലൈ 1 മുതൽ ജി.എസ്.ടി. കോമ്പൻസേഷൻ ലഭ്യമാകാത്ത സ്ഥിതിയാണുള്ളത്.

കേന്ദ്രസർക്കാർ സമസ്തമേഖലകളിലും സബ്സിഡികൾ വെട്ടിക്കുറച്ചിരിക്കുകയാണ്. നികുതി വിഹിതത്തിന്റെ 60 ശതമാനം സംസ്ഥാനങ്ങൾക്കും 40 ശതമാനം കേന്ദ്രസർക്കാരിനും എന്ന ക്രമത്തിൽ മാത്രമേ സ്വീകരിക്കാൻ പാടുള്ളൂവെന്ന് ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി. കോമ്പൻസേഷൻ അടുത്ത അഞ്ചുവർഷത്തേയ്ക്കുകൂടി നീട്ടണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ധന സെസ്സ് വഴി കോടിക്കണക്കിന് രൂപ പിരിച്ചെടുക്കുന്ന കേന്ദ്രസർക്കാർ നയത്തിനെതിരെ സംസ്ഥാനങ്ങൾ ഒന്നടങ്കം ജി.എസ്.ടി. കൗൺസിലിൽ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക അവകാശങ്ങളെ ഹനിക്കുന്ന കേന്ദ്ര നടപടിക്കെതിരെ നിയമപരവും ഭരണഘടനാപരവുമായുള്ള സമീപനം സ്വീകരിക്കുന്നതാണ്.

## (2) <u>മത്സ്യബന്ധന മേഖലയിലെ പ്രതിസന്ധി</u>

<u>ശ്രീ. കെ. പി. എ. മജീദ്</u>: ഇന്ധനവില വർദ്ധനവുമൂലവും മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന കേന്ദ്ര-സംസ്ഥാന നിയമങ്ങൾമൂലവും മത്സ്യത്തൊഴിലാളികൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുന്നതിനും ബ്ലൂ ഇക്കോണമി നിയമം

പിൻവലിക്കുന്നതിനും സെൻട്രൽ മറൈൻ ഫിഷറീസ് പോളിസിയിലെ മത്സ്യത്തൊഴിലാളി വിരുദ്ധ നയങ്ങൾ പിൻവലിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും നടപടി സ്വീകരിക്കണം. ഭവനനിർമ്മാണ പദ്ധതി പുനഃസ്ഥാപിക്കുകയും ഫിഷറീസ് കോളനികൾ നവീകരിക്കുകയും ക്ഷേമനിധി ബോർഡ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും കാലാവസ്ഥാ മുന്നറിയിപ്പ് പ്രകാരം കടലിൽപോകാൻ കഴിയാത്ത ദിവസങ്ങളിൽ നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുകയും ചെയ്യണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): മണ്ണെണ്ണയുടെ വിലവർദ്ധനവ് പരമ്പരാഗത മത്സ്യബന്ധനമേഖലയുടെ തകർച്ചയ്ക്ക് കാരണമാകും. മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ സിവിൽ സപ്ലൈസ് വഴി വിതരണം ചെയ്യുന്ന സബ്സിഡിരഹിത മണ്ണെണ്ണയ്ക്കും കേന്ദ്രഗവൺമെന്റ് വില വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ മത്സ്യഫെഡ് മുഖേന ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ സംസ്ഥാന സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ട്. സംസ്ഥാനത്തിനാവശ്യമുള്ള മണ്ണെണ്ണയുടെ നാലിലൊന്ന് മാത്രമാണ് കേന്ദ്രം അനുവദിക്കുന്നത്. 2018 ജൂലൈ മാസം

മുതൽ പ്രാബല്യത്തിൽവന്ന മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ/ലൈസൻസ് ഫീസുകൾ 2019 ജൂലൈ 1 മുതൽ കുറവ് ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം മുഖേന മത്സ്യത്തൊഴിലാളികളെ ചൂഷണത്തിൽനിന്ന് മോചിപ്പിക്കുന്നതിനും മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കടലിൽ മീൻപിടിക്കാനുള്ള അവകാശവും മത്സ്യത്തിന്റെ ആദ്യവിൽപ്പന, കടൽമത്സ്യ വിഭവങ്ങൾ എന്നിവയുടെ മേൽനോട്ടവും ഉപയോഗ അവകാശങ്ങളും മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കാനുള്ള നടപടികളുണ്ടാകണമെന്നതാണ് സർക്കാരിന്റെ നിലപാട്. പ്രതിപക്ഷത്തിന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തി കേന്ദ്രസർക്കാരുമായി ഈ വിഷയങ്ങൾ ചർച്ച ചെയ്യുന്ന കാര്യം ആലോചിക്കുന്നതാണ്.

## III. സബ്മിഷൻ

(1) വെള്ളയിൽ പോലീസ് സ്റ്റേഷൻ നിർമ്മാണം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: തീരദേശ മേഖലയിലെ വെള്ളയിൽ പോലീസ് സ്റ്റേഷൻ നിർമ്മാണം അടിന്തരമായി പൂർത്തീകരിക്കുന്നതിന്

നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വെള്ളയിൽ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഒരു കോടി ഏഴ് ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമരാമത്ത് വകുപ്പ് പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണച്ചുമതല ഏറ്റെടുക്കാൻ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) സുൽത്താൻ കനാലിന്റെ പാർശ്വഭിത്തി പുനർനിർമ്മാണം

ശ്രീ. എം. വിജിൻ: കനത്ത മഴയെത്തുടർന്ന് അപകടാവസ്ഥയിലായ സുൽത്താൻ കനാലിന്റെ പാർശ്വഭിത്തി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തുടർച്ചയായി പെയ്ത മഴയെത്തുടർന്നും കാലപ്പഴക്കംകൊണ്ടും സുൽത്താൻ കനാലിന്റെ പാർശ്വഭിത്തി തകരുന്നത് ശാശ്വതമായി പരിഹരിക്കാൻ ഐ.ഡി.ആർ.ബി. ഡിസൈൻ വിഭാഗത്തെ ചുമതലപ്പെടുത്തി പ്രവൃത്തി ആരംഭിക്കുന്നതാണ്.

(3) പള്ളിപ്പുറം, കുഴുപ്പിള്ളി വില്ലേജിലെ ഭൂമിക്ക് കരം

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: പള്ളിപ്പുറം, കുഴുപ്പിള്ളി വില്ലേജുകളിലെ

അഞ്ഞൂറോളം കുടുംബങ്ങൾ തീറാധാരം വാങ്ങിയ ഭൂമിക്ക് കരം സ്വീകരിക്കുന്നതിന് നടപടിയുണ്ടാകണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കൊച്ചി താലൂക്കിലെ കുഴുപ്പിള്ളി വില്ലേജിൽപ്പെട്ട 404 ഏക്കർ 76 സെന്റ് ഭൂമി ഫാറൂഖ് കോളേജിനുവേണ്ടി സ്വകാര്യ വ്യക്തി വഖഫ് ആധാരം എഴുതിനൽകിയിട്ടുള്ളതും ഫാറൂഖ് കോളേജ് അധികൃതരിൽനിന്നും ടി ഭൂമി പല വ്യക്തികൾക്കായി ആധാരം ചെയ്ത് നൽകുകയും അവരുടെ പേരിൽ കരമടച്ച് വന്നിരുന്നതുമാണ്. വഖഫ് ആധാരത്തിൽനിന്നും കൈമറിഞ്ഞുവന്നിട്ടുള്ള തീറാധാരപ്രകാരമാണ് അപേക്ഷകർക്ക് വസ്തു സിദ്ധിച്ചിട്ടുള്ളതെന്ന് മുന്നാധാരങ്ങളിൽ കണ്ടെത്തുകയും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കല്ലാതെ ഇതിൽപ്പെട്ട വകകളും ആദായങ്ങളും ഉപയോഗിക്കുന്നതിന് അവകാശമില്ലാത്തതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അന്യാധീനപ്പെട്ട വഖഫ് ഭൂമി വീണ്ടെടുക്കുന്നതിനും കണ്ടെത്തുന്നതിനും കയ്യേറ്റമൊഴിപ്പിക്കുന്നതിനും സ്വീകരിക്കേണ്ട തുടർനടപടികളെക്കുറിച്ച് പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ ആവശ്യമായ പരിഹാരം കാണാൻ ബന്ധപ്പെട്ട മന്ത്രിമാരുടെ ഒരു ഉന്നതതല യോഗം ഈ സമ്മേളന കാലയളവിൽ തന്നെ ചേരുന്നതാണ്.

(4) സ്ഥലമേറ്റെടുക്കൽ വേഗത്തിലാക്കാൻ നടപടി

ശ്രീ. പി. ടി. എ. റഹീം: നടപടിക്രമങ്ങൾ ലഘൂകരിച്ച് വികസന പ്രവർത്തനങ്ങൾക്കായി സ്ഥലമേറ്റെടുക്കുന്ന നടപടി ത്വരിതപ്പെടുത്തണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): എൽ.എ.ആർ.ആർ. ആക്ട് 2013-ലെ നിബന്ധനകളനുസരിച്ചും ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി പദ്ധതിക്കുള്ള അനുമതി നൽകുന്ന മുറയ്ക്കാണ് പൊതു ആവശ്യങ്ങൾക്ക് സ്ഥലമേറ്റെടുക്കുന്നതിന് അനുവാദം നൽകുന്നത്. പദ്ധതിക്കാവശ്യമായ തുക മുഴുവൻ നീക്കിവയ്ക്കണമെന്ന ഉത്തരവിൻപ്രകാരം നഷ്ടപരിഹാരം നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും കണ്ടിജൻസി ചാർജ്ജിൽ നിന്നാണ് ഈടാക്കുന്നതെങ്കിലും മുഴുവൻ തുകയും ബന്ധപ്പെട്ട ലാൻഡ് അക്വിസിഷൻ ഓഫീസറുടെ ശീർഷകത്തിൽ കെട്ടിവച്ചാൽ മാത്രമെ അവാർഡ് പാസ്സാക്കുകയുള്ളൂ. അവാർഡ് പാസ്സാക്കുന്ന സമയത്ത് ഭൂവുടമയ്ക്ക് നഷ്ടപരിഹാരത്തുക നൽകുന്നതിനാൽ പലിശ നൽകാൻ നിർവ്വാഹമില്ല. പൊതുമരാമത്ത് വകുപ്പിന്റെ ഭൂമി ഏറ്റെടുക്കുന്നതിനായി 14 ജില്ലകളിലും ഓരോ സ്പെഷ്യൽ തഹസീൽദാർ യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(5) കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. തോമസ് കെ. തോമസ് : കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ അവസാനഘട്ട പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ അവസാനഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി പ്രതിദിനം 30 ദശലക്ഷം ലിറ്റർ ഉൽപാദനക്ഷമതയുള്ള ജലശുദ്ധീകരണശാലയുടെയും ഉന്നതതല സംഭരണികളുടെയും ട്രാൻസ്മിഷൻ മെയിനിന്റെയും വിതരണശൃംഖലയുടെയും പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ കീഴിൽ നിർമ്മാണം നടക്കുന്ന ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ യൂട്ടിലിറ്റി ഡക്ടിൽക്കൂടി കൂടുതൽ വ്യാസമുള്ള പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി കെ.എസ്.ടി.പി.യെ ഏൽപ്പിക്കുന്നതിന് അനുമതി നൽകുകയും കേരളാ വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്.

(6) യാത്രാനിരോധനം

ശ്രീ. എൻ. ഷംസുദ്ദീൻ: മണ്ണാർക്കാട്ടുനിന്ന് അട്ടപ്പാടിയിലെ മുള്ളി വഴി ഊട്ടിയിലേയ്ക്ക് പോകുന്ന റോഡിലൂടെയുള്ള യാത്രാനിരോധനം ഒഴിവാക്കാൻ

നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): തദ്ദേശവാസികളെയും ആദിവാസികളെയും മഞ്ചൂർ ഭാഗത്ത് താമസിക്കുന്നവരുടെ സ്വകാര്യ വാഹനങ്ങളെയും കാർഷികവിഭവങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളെയും അട്ടപ്പാടിയിലെ മുള്ളി വഴി ഊട്ടിയിലേയ്ക്ക് പോകുന്ന റോഡിലൂടെ കടത്തിവിടുന്നുണ്ട്. മുള്ളി മുതൽ മഞ്ചൂർ വരെയുള്ള കോയമ്പത്തൂർ ഫോറസ്റ്റ് ഡിവിഷനിൽ ഉൾപ്പെട്ട റോഡുമായി ബന്ധപ്പെട്ട് തമിഴ്നാട് ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുള്ളതിനാൽ കോടതി നിർദ്ദേശപ്രകാരമാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. മനുഷ്യ-വന്യജീവി സംഘർഷം, പരിസര മലിനീകരണം, കാട്ടുതീയുണ്ടാകുന്നതിനുള്ള സാഹചര്യം എന്നിവ ഒഴിവാക്കുന്നതിനാണ് യാത്രാനിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള വിഷയമായതിനാൽ തമിഴ്നാട്ടിലെ വനംവകുപ്പ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നതാണ്.

## (7) മാധ്യമ പ്രവർത്തകർക്കുള്ള പെൻഷൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മാധ്യമ പ്രവർത്തകർക്കുള്ള പെൻഷൻ തുക പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): മാധ്യമ പ്രവർത്തകർക്ക് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 1000 രൂപ പെൻഷൻ നൽകാനുള്ള തീരുമാനം ഉടൻ നടപ്പിലാക്കുന്നതാണ്.

(8) വടകര മോഡൽ പോളിടെക്നിക്കിന്റെ പ്രവർത്തനം

ശ്രീമതി കെ. കെ. രമ: വടകര മോഡൽ പോളിടെക്നിക്കിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): വടകര മോഡൽ പോളിടെക്നിക് കോളേജ് കെട്ടിടത്തിന്റെ രണ്ടാംനിലയുടെ അടുത്ത ഘട്ടം നിർമ്മിക്കുന്നതിന് ഭരണാനുമതിക്കായി സമർപ്പിച്ച പ്രൊപ്പോസലിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. കോളേജിന്റെ ഫ്രണ്ട് ഗേറ്റ്, ചുറ്റുമതിൽ എന്നിവ കൂടുതൽ ആകർഷകമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. എ.ഐ.സി.റ്റി.ഇ.-യുടെയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെയും നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പ്രകാരമുള്ള ലാബ്, ലൈബ്രറി സൗകര്യങ്ങൾ കോളേജിൽ നിലവിലുണ്ട്. വടകര മോഡൽ പോളിടെക്നിക് കോളേജിന് എൻ.ബി.എ. അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

(9) <u>പി.എസ്.സി. വഴി നിയമനം</u>

<u>ശ്രീ. എ. എൻ. ഷംസീർ</u>: ഗവൺമെന്റ് ബി.എഡ്. ട്രെയിനിംഗ് കോളേജുകളിലേക്കും ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലേയ്ക്കുമുള്ള ബൈ ട്രാൻസ്ഫർ റദ്ദ് ചെയ്ത് പി.എസ്.സി. വഴി നിയമനം നടത്തണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 25 അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിലും അദ്ധ്യാപക തസ്തികകളിൽ പി.എസ്.സി. മുഖാന്തരമാണ് നിയമനം നടത്തുന്നത്. DIET-ലെ 50% കാറ്റഗറി III ലക്ചററർ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്ന കാര്യം പരിശോധിക്കുന്നതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള നാല് സർക്കാർ ബി.എഡ്. ട്രെയിനിംഗ് കോളേജുകളിലും ബൈ ട്രാൻസ്ഫർ നിയമനം ലഭിക്കാൻ അർഹതയുള്ളവരുടെ അഭാവത്തിൽ പി.എസ്.സി. വഴി നേരിട്ട് നിയമനം നടത്തിവരികയാണ്.

(10) <u>ചാത്തന്നൂരിൽ സബ് ആർ.ടി. ഓഫീസ്</u>

<u>ശ്രീ. ജി. എസ്. ജയലാൽ</u>: ചാത്തന്നൂർ ആസ്ഥാനമായി ഒരു സബ് ആർ.ടി. ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): സംസ്ഥാനത്തിന്റെ

സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മുൻഗണന നൽകി ചാത്തന്നൂരിൽ സബ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നതാണ്.

## IV. ധനകാര്യം

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ

(145,15,61,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLI – ഗതാഗതം

(1047,68,87,000 രൂപ)

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം

(417,27,61,000 രൂപ)

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വം പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയങ്ങളെ

പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യ സമ്പത്തിലുള്ള കുറവും കാലാവസ്ഥാ കെടുതികളും ഉയർന്ന മത്സ്യബന്ധനച്ചെലവും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വൻതോതിൽ കുറവ് വരുത്തിയിരിക്കുന്ന ഘട്ടത്തിൽ കേന്ദ്ര ഗവൺമെന്റ് ട്രോളിംഗ് അനുമതി ഉദാരമാക്കിയ നടപടി മത്സ്യത്തൊഴിലാളികളെ കൂടുതൽ ദുരിതത്തിലാക്കിയിരിക്കുകയാണ്. തീരസംരക്ഷണത്തിനും ഹാർബറുകളുടെ പുനരുദ്ധാരണത്തിനും ആവശ്യമായ ഫണ്ട് അനുവദിക്കാതെ സമ്പാദ്യ സമാശ്വാസ പദ്ധതിയെ അട്ടിമറിക്കുകയും മണ്ണെണ്ണ വില അടിക്കടി വർദ്ധിപ്പിക്കുകയും ചെയ്യുന്ന കേന്ദ്ര നയം പ്രതിഷേധാർഹമാണ്. പ്രതിസന്ധികൾക്കിടയിലും മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം പകരാൻ

സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലിനെ സ്വാഗതം ചെയ്യുന്നു. അപകടത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം, ഇടനിലക്കാരുടെ ചൂഷണം ഇല്ലാതാക്കി മത്സ്യത്തിന് ന്യായവില ഉറപ്പു വരുത്തൽ മത്സ്യത്തൊഴിലാളി വനിതകളുടെ ശാക്തീകരണം ലക്ഷ്യമാക്കിയുള്ള സാഫ് പദ്ധതി മത്സ്യഫെഡ് പോലെയുള്ള സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തി പുതിയ തൊഴിൽ സാദ്ധ്യത സൃഷ്ടിക്കുന്നതിന് നടത്തിയ ഇടപെടൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉയർന്ന വിദ്യാഭ്യാസം ലഭിക്കുന്നതിന് അവസരമൊരുക്കിയ നടപടി എന്നിവ അഭിനന്ദനാർഹമാണ്. പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട് തീരദേശ മേഖലയിൽ 50 മീറ്ററിനുള്ളിലുള്ളവരെ മാറ്റിത്താമസിപ്പിക്കുമ്പോൾ അഞ്ച് സെന്റിൽ കൂടുതൽ ഭൂമിയുള്ളവർക്കും വലിപ്പമുള്ള വീടുള്ളവർക്കും ലഭിക്കുന്ന നഷ്ടപരിഹാരത്തുകയിൽ ആനുപാതികമായ വർദ്ധനവ് വരുത്തണം. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ സ്വീകരിക്കുന്ന നടപടികളെ സ്വാഗതം ചെയ്യുന്നതോടൊപ്പം ട്രേഡ് യൂണിയൻ സംഘടനകളെ വിശ്വാസത്തിലെടുത്ത് വിഷയം കൈകാര്യം ചെയ്യാൻ തയ്യാറാകണം. ഇന്ധനവിലയിലും ഇൻഷ്വറൻസ് പ്രീമിയത്തിന്റെ നിരക്കിലും സ്പെയർ പാർട്ട്സുകളുടെ വിലയിലും കേന്ദ്ര സർക്കാർ വരുത്തുന്ന വർദ്ധനവ്

പൊതുഗതാഗത സംവിധാനത്തെ തകർക്കുന്നതാണ്.

ശ്രീ. സി. ആർ. മഹേഷ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. രൂക്ഷമായ കടലാക്രമണത്താൽ തീരദേശമേഖല വറുതിയിലാണ്. മണ്ണെണ്ണ ഉൾപ്പെടെയുള്ള ഇന്ധനങ്ങളുടെ വില അടിക്കടി വർദ്ധിപ്പിക്കുന്ന കേന്ദ്ര നീക്കത്തിനെതിരെ സംഘടിപ്പിക്കുന്ന സംയുക്ത പ്രക്ഷോഭങ്ങൾക്ക് പിന്തുണ നൽകുന്നതാണ്. സുനാമി കോളനികളുടെ നവീകരണത്തിനും ആലപ്പാട് അഴീക്കൽ ഹാർബർ ഹൈടെക് ആക്കാനും ആലപ്പാട് തീരപ്രദേശത്തെ കടൽഭിത്തി നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണം. റദ്ദ് ചെയ്യപ്പെട്ട കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവ്വീസ് പുനരാരംഭിക്കണം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇലക്ട്രിക് ത്രീ വീലർ, ഫോർ വീലർ വാഹനങ്ങളുടെ ഒറ്റത്തവണ നികുതി 5 ശതമാനമാക്കി കുറയ്ക്കൽ, ഓൺലൈൻ ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തൽ, വാഹൻസാരഥി, കെ-സ്വിഫ്റ്റ്, കോർപ്പറേഷനെ സ്വയംപര്യാപ്ത സ്ഥാപനമാക്കാനുള്ള സംരംഭം എന്നിവ സ്വാഗതാർഹമാണ്. പുനർഗേഹം പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള 50 മീറ്റർ ദൂരപരിധി 100 മീറ്ററാക്കുന്ന കാര്യം പരിശോധിക്കണം. വൻകിടയാനങ്ങൾക്കും കപ്പലുകൾക്കും അനുമതി

നൽകുന്ന നയം പുനഃപരിശോധിക്കണം. കയ്പമംഗലം പ്രദേശത്തെ കടൽത്തീരം സംരക്ഷിക്കാനായി ടെട്രോപാഡ് കടൽഭിത്തി നിർമ്മാണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളിലൊന്നാണ് മണ്ണെണ്ണയുടെ വിലവർദ്ധനവ്. മണ്ണെണ്ണയ്ക്ക് 25 രൂപ സബ്സിഡി നൽകുമെന്ന എൽ.ഡി.എഫ്. പ്രകടനപത്രികയിലെ വാഗ്ദാനം നിറവേറ്റണം. ജില്ലകളിൽ ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട് നടക്കുന്ന അഴിമതി സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്താനും മത്സ്യഫെഡ്ഡിലെ പിൻവാതിൽ നിയമനം അവസാനിപ്പിക്കാനും തയ്യാറാകണം. പരപ്പാൽ ബീച്ചിലെ കടലാക്രമണം തടയുന്നതിനും കടലുണ്ടി ബോട്ട് ജെട്ടിയിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും മണലും നീക്കം ചെയ്യുന്നതിനും ആനങ്ങാടി മിനി ഹാർബറും കടൽഭിത്തിയും നിർമ്മിക്കുന്നതിനും കരിപ്പൂർ വിമാനത്താവളത്തിൽനിന്നും കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. പി. സുമോദ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വാഹന രജിസ്ട്രേഷൻ, ഡ്രൈവിംഗ് ലൈസൻസ്, പെർമിറ്റ്, ലേണേഴ്സ് ലൈസൻസ്

ടെസ്റ്റിംഗ് എന്നിവ ഓൺലൈനിലൂടെ നടപ്പിലാക്കിയത് അഭിനന്ദനാർഹമാണ്. ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട്/പി.വി.സി. കാർഡാക്കി മാറ്റാനും പന്നിയങ്കര ടോൾ പ്ലാസയിൽ സ്വകാര്യ ബസ്സുകളിൽനിന്നും അമിതമായി ടോൾ പിരിക്കുന്നത് തടയാനും നടപടി സ്വീകരിക്കണം. ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തി കാലപ്പഴക്കമുള്ള ബസ്സുകളെ രൂപമാറ്റം വരുത്തി വാണിജ്യസ്ഥാപനങ്ങളാക്കി മാറ്റിയതും പ്രശംസനീയമാണ്. ബസ് സ്റ്റോപ്പുകളിൽനിന്നും ഉൾപ്രദേശങ്ങളിലേയ്ക്ക് യാത്രക്കാർക്ക് സഞ്ചരിക്കുന്നതിനായി ഓട്ടോറിക്ഷാ സൗകര്യം ലഭ്യമാക്കാൻ കെ.എസ്.ആർ.ടി.സി. പദ്ധതി തയ്യാറാക്കണം. സുഭിക്ഷ കേരളം പദ്ധതിയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മത്സ്യകൃഷി പദ്ധതി നടപ്പിലാക്കിയതും 448 പഞ്ചായത്തുകളിൽ മത്സ്യകൃഷി ആരംഭിച്ചതും സ്വാഗതാർഹമാണ്. മത്സ്യഫെഡ് മുഖേന സഹകരണ ബാങ്കുകൾക്ക് കീഴിൽ ഫ്രാഞ്ചൈസി മാർട്ടുകൾ ആരംഭിച്ചത് ഫലപ്രദമാക്കാനുള്ള നടപടി സ്വീകരിക്കണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് സെൻട്രൽ പെട്രോളിയം

കൺസർവേഷൻ റിസർച്ച് അസോസിയേഷന്റെ അംഗീകാരം നേടാനായതും 'സ്വിഫ്റ്റ് സർവ്വീസ് ആരംഭിക്കാനായതും ഇലക്ട്രിക് വാഹനങ്ങൾ നിരത്തിലിറക്കാൻ കഴിഞ്ഞതും സാമ്പത്തിക പ്രതിസന്ധിക്കിടയിലും ശമ്പള പരിഷ്കരണം നടപ്പാക്കാനായതും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനായതും പ്രശംസനീയമാണ്. കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കിയ പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനം ഫലപ്രദമാക്കാനും വാഹന പരിശോധന കർശനമാക്കാനും പൊൻകുന്നം സബ്ഡിപ്പോയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കണം.

ശ്രീമതി കെ. കെ. രമ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന മണ്ണെണ്ണ സബ്സിഡി വർദ്ധിപ്പിക്കുന്നതിനും കടലിൽപോകുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രാഥമിക ചികിത്സ ലഭ്യമാക്കുന്നതിന് ഹാർബറുകളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തുന്ന ദിവസങ്ങളിൽ വിതരണത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് മിനിമം കൂലി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. 60 വയസ്സ് കഴിഞ്ഞ് പെൻഷൻ ലഭിക്കുന്ന മത്സ്യത്തൊഴിലാളികൾ കടലിൽവച്ച് മരണമടഞ്ഞാൽ സർക്കാർ ആനുകൂല്യം നിഷേധിക്കുന്ന നടപടി പുന:പരിശോധിക്കണം.

കടൽക്ഷോഭംമൂലം ക്യാമ്പുകളിൽ കഴിയുന്ന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന തുക വർദ്ധിപ്പിക്കുന്നതിനും വാസയോഗ്യമായ സ്ഥലത്തേയ്ക്ക് അവരെ മാറ്റിപാർപ്പിക്കുന്നതിനും വികസനാവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോഴുള്ള വ്യവസ്ഥകൾ കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കുകൂടി ബാധകമാക്കുന്നതിനും തയ്യാറാകണം. കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരുടെ കുറവുകാരണം സർവ്വീസുകൾ കൃത്യമായി നടത്താൻ സാധിക്കാത്ത സ്ഥിതി ഒഴിവാക്കണം.

ശ്രീ. എൻ. കെ. അക്ബർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ സാമ്പത്തികമായി തകർക്കാനുള്ള കേന്ദ്ര നീക്കത്തിനെതിരെ പ്രതികരിക്കാത്ത പ്രതിപക്ഷ നിലപാട് പ്രതിഷേധാർഹമാണ്. മത്സ്യസഹകരണസംഘങ്ങൾ ആരംഭിച്ചതും രാജ്യത്തെ ഏറ്റവും മികച്ച കടലോര അർദ്ധ-സർക്കാർ സ്ഥാപനത്തിനുള്ള ദേശീയ പുരസ്കാരം മത്സ്യഫെഡിന് നേടാനായതും അഭിനന്ദനാർഹമാണ്. മത്സ്യഫെഡിനെ തകർക്കാനുള്ള ശ്രമങ്ങൾക്കെതിരെ ജാഗ്രത പാലിക്കണം. മത്സ്യസംഭരണ കേന്ദ്രങ്ങളും ഫിഷ് ബൂത്തുകളും മാർട്ടുകളും ആരംഭിച്ചതും ഉണക്ക-പച്ച മത്സ്യങ്ങൾക്ക് പ്രത്യേക സ്റ്റാളുകൾ, മത്സ്യം വൃത്തിയാക്കുന്നതിനുള്ള സിങ്കുകൾ, മലിനജലം പൂർണ്ണമായും

ഒഴുക്കിവിടുന്നതിനുള്ള ഡ്രൈയിനേജ്, തൊഴിലാളികൾക്കുള്ള വിശ്രമമുറി തുടങ്ങിയവ ഏർപ്പെടുത്തിയതും മത്സ്യമാർക്കറ്റുകൾ ആധുനികവത്കരിക്കുന്നതിന് കിഫ്ബി ഫണ്ട് ലഭ്യമാക്കിയതും പുനർഗേഹം പദ്ധതി ആവിഷ്കരിച്ചതും സർക്കാരിന്റെ ഈ മേഖലയോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. ചെറിയ വള്ളങ്ങളും ബോട്ടുകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയാനുള്ള കേന്ദ്ര നീക്കത്തെ ചെറുക്കണം. പൊതുഗതാഗത മേഖലയിൽ സിറ്റി സർക്കുലർ സർവ്വീസ്, സമുദ്ര സർവ്വീസ് എന്നിവ ആരംഭിച്ചതോടൊപ്പം കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനും ശമ്പള പരിഷ്കരണം നടപ്പിലാക്കാനും കഴിഞ്ഞിട്ടുണ്ട്. ജലഗതാഗത മേഖലയിൽ വാട്ടർ ടാക്സി, 'സീ അഷ്ടമുടി' എന്നീ പദ്ധതികളും നടപ്പിലാക്കി. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ബ്ലാക്ക് സ്പോട്ട് മാപ്പിംഗ്, ഓൺലൈൻ ലേണേഴ്സ് ലൈസൻസ് ടെസ്റ്റിംഗ് പ്ലാറ്റ്ഫോം എന്നിവ യാഥാർത്ഥ്യമാക്കിയതും ഇലക്ട്രിക് ഓട്ടോറിക്ഷകൾ വാങ്ങുന്നവർക്ക് ആദ്യഅഞ്ചുവർഷത്തെ നികുതി ഒഴിവാക്കിയതും അഭിനന്ദനാർഹമാണ്. ഗുരുവായൂർ ഡിപ്പോയുടെ വികസനം യാഥാർത്ഥ്യമാക്കുന്നതിനും ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീമതി ഉമ തോമസ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കെ.എസ്.ആർ.ടി.സി.യെ തകർക്കാനും പൊതുഗതാഗത സംവിധാനത്തിൽനിന്നും ഒഴിവാക്കാനുമുള്ള ശ്രമങ്ങൾ ഖേദകരമാണ്. സംസ്ഥാനത്ത് ഗതാഗത നയം രൂപീകരിക്കുന്നതിനും ജീവനക്കാർക്ക് യഥാസമയം ശമ്പളം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ജനോപകാരപ്രദമായി പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനും തയ്യാറാകണം. ഇൻഫോപാർക്കിൽ നിന്നും എറണാകുളത്തേയ്ക്ക് രാത്രി 9 മണിക്കുശേഷം ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിനും തൃപ്പൂണിത്തുറ-എരൂർ-അറക്കക്കടവ്-വെണ്ണല, പാലാരിവട്ടം ബൈപ്പാസ്-ഇടപ്പള്ളി-വരാപ്പുഴ റൂട്ടുകളിൽ സർക്കുലർ സർവ്വീസുകൾ ആരംഭിക്കുന്നതിനും തുതിയൂർ മേഖലയിലെ ബസ് സർവ്വീസ് പുനഃസ്ഥാപിക്കുന്നതിനും കൊച്ചി മെട്രോ രണ്ടാം ഘട്ടം, കൊച്ചി വാട്ടർ മെട്രോ എന്നിവ പൂർത്തീകരിക്കുന്നതിനും നടപടിയുണ്ടാകണം. മണ്ണെണ്ണ വില വർദ്ധനവ് തടയാൻ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന സബ്സിഡി തുക വർദ്ധിപ്പിക്കണം. തൃക്കാക്കരയിലെ ഗതാഗതക്കുരുക്ക്, ശുദ്ധജലക്ഷാമം, മാലിന്യനിർമ്മാർജ്ജനം, വെള്ളക്കെട്ട്, പുനരധിവാസം, വിനോദസഞ്ചാരം,

ആരോഗ്യരംഗത്തെ വെല്ലുവിളികൾ, ടെക്കികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, മത്സ്യവിപണനരംഗത്തെ പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ പരിഹാരമുണ്ടാകണം. സിൽവർലൈൻ പദ്ധതിയുമായി മുന്നോട്ടുപോകുന്ന സർക്കാർ നയങ്ങളോട് വിയോജിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കടലാക്രമണത്തിൽ വീടുകൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചതും 3187 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചതും 1265 വ്യക്തിഗത ഭവനനിർമ്മാണം പൂർത്തീകരിച്ചതും സ്വാഗതാർഹമാണ്. കോഴിക്കോട് ജില്ലയിലെ പുതിയ അഞ്ച് ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളി വനിതാ ശാക്തീകരണ പദ്ധതിയുടെ ഭാഗമായി 150 സൂക്ഷ്മ തൊഴിൽ സംരംഭങ്ങളും 400 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും ആരംഭിക്കുന്നതിനും ഓൺലൈൻ മാർക്കറ്റിംഗ് മുതൽ ചെറുകിട സംരംഭങ്ങൾ വരെയുള്ള വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. മാതാപിതാക്കൾ മരണപ്പെട്ടുപോയ മത്സ്യത്തൊഴിലാളി

കുടുംബങ്ങളിലെ കുട്ടികളെ ദത്തെടുത്ത് പഠനം ഉറപ്പാക്കിയത് അഭിനന്ദനാർഷമാണ്. പൊതുഗതാഗത രംഗത്ത് കെ-സ്വിഫ്റ്റ്, സമുദ്ര ബസ്സ് സർവ്വീസ് എന്നിവ നടപ്പിലാക്കാൻ കഴിഞ്ഞത് ശ്രദ്ധേയമാണ്. കടലാക്രമണത്തിൽ നാശം സംഭവിച്ച റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും പുലിമുട്ട് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. തോമസ് കെ. തോമസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും എടത്വാ ഡിപ്പോയിലെ ബസ് സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിനും ആലപ്പുഴ-ചങ്ങനാശ്ശേരി റോഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടിയുണ്ടാകണം. വേമ്പനാട് കായലിലെ പോളയും എക്കലും നീക്കം ചെയ്ത് മത്സ്യവളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യമൊരുക്കുന്നതിനും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം ശേഖരിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന മണ്ണെണ്ണ

സബ്സിഡി വർദ്ധിപ്പിക്കുന്നതിനും 60 വയസ്സുകഴിഞ്ഞ മത്സ്യത്തൊഴിലാളികളുടെ പേരിലുള്ള യാനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തീരദേശ പരിപാലന നിയമത്തിൽ ഇളവുനൽകി പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് നമ്പർ നൽകുന്നതിനും 'സമ്പാദ്യ ആശ്വാസ' പദ്ധതി തുക ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഒരു ഫിഷിംഗ് ഹാർബർ, ആർ.ടി. ഓഫീസ് എന്നിവ യാഥാർത്ഥ്യമാക്കുന്നതിനും മംഗലാപുരം വിമാനത്താവളത്തിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. കാസർഗോഡ് പ്രവാസി യുവാവിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ച് പ്രതികളെ കണ്ടെത്തണം. പയ്യോളി-ഉപ്പള കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. സി. സി. മുകുന്ദൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യബന്ധനമേഖലയിൽ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. മണ്ണെണ്ണവില കുറയ്ക്കുന്നതിനും സബ്സിഡി ലഭ്യമാക്കുന്നതിനും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. കാലാവസ്ഥാ

മുന്നറിയിപ്പിനെത്തുടർന്ന് കടലിൽ പോകാൻ കഴിയാത്ത അവസരങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ധനസഹായം കൃത്യമായി വിതരണം ചെയ്യാനും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിക്കാനും നടപടിയുണ്ടാകണം. കടലിൽവച്ച് മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ പോസ്റ്റ്മോർട്ടം ഒഴിവാക്കുകയും അവരുടെ കുടുംബത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും വേണം. നാട്ടിക നിയോജകമണ്ഡലത്തിൽ മിനി ഹാർബർ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യബന്ധന മേഖലയിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. തീരദേശ സംരക്ഷണത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി 2,450 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നത് അഭിമാനാർഹമാണ്. തദ്ദേശ സ്വയംഭരണം, മത്സ്യബന്ധനം എന്നീ വകുപ്പുകൾ ഒരേ പദ്ധതിക്കുവേണ്ടി പണം ചെലവഴിക്കുന്നത് സംബന്ധിച്ച് പരിശോധിക്കാനും പദ്ധതികളുടെ അവലോകനവും സ്കൂട്ടിണിയും കാര്യക്ഷമമാക്കാനും മുൻകയ്യെടുക്കണം. നല്ല മത്സ്യം ലഭ്യമാക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുകയും കടകൾ

നിർമ്മിച്ചുനൽകി തെരുവോര മത്സ്യവില്പന ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള ഭൂമി പ്രയോജനപ്പെടുത്തി ജനക്ഷേമ പദ്ധതികൾ ആവിഷ്കരിക്കണം. സിറ്റി സർക്കുലർ ബസ്സുകളുടെ റൂട്ടുകൾ പുനഃക്രമീകരിച്ച് ലാഭകരമാക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസ്സുകൾ പുതിയ റൂട്ടുകളിൽ ആരംഭിക്കുന്നത് സംബന്ധിച്ച് പുനഃപരിശോധിക്കണം. ജീവനക്കാരുടെയും ഷെഡ്യൂളുകളുടെയും എണ്ണം കുറച്ചിട്ടും കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി പരിഹരിക്കാൻ സാധിക്കാത്തതും ജീവനക്കാർക്ക് ശമ്പളം നിഷേധിക്കുന്നതും ഖേദകരമാണ്. മത്സ്യഫെഡിൽ കഴിഞ്ഞ 6 വർഷംകൊണ്ട് 53.5 കോടി രൂപയുടെ അഴിമതിയാണ് നടത്തിയിട്ടുള്ളത്. രജിസ്ട്രേഷനും ലൈസൻസുമില്ലാത്ത ഏജൻസികൾ വഴി പുറത്തുനിന്നും മത്സ്യം കൊണ്ടുവരുന്നത് സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തണം.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): ക്രിയാത്മകമായ വിമർശനങ്ങൾക്കും നിർദ്ദേശങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. 2021-22 സാമ്പത്തിക വർഷം മോട്ടോർ വാഹന വകുപ്പിന് 3,982 കോടി രൂപയുടെ

വരുമാനം നേടാൻ സാധിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ ഏജന്റുമാരുടെ ഇടപെടൽ ഒഴിവാക്കുന്നതിനും അഴിമതി കുറയ്ക്കുന്നതിനും വാഹന ഉടമകൾക്ക് യഥാസമയം സേവനങ്ങൾ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഡ്രൈവിംഗ് ലൈസൻസുമായി ബന്ധപ്പെട്ട 15 ലക്ഷത്തിലധികം അപേക്ഷകൾ തീർപ്പാക്കുകയും പ്രവാസികൾക്ക് അന്താരാഷ്ട്ര ഡ്രൈവിംഗ് ലൈസൻസിന് പെർമിറ്റ് നൽകുന്ന ഓൺലൈൻ പദ്ധതി നടപ്പിലാക്കുകയും വിവിധ സേവനങ്ങൾക്ക് ആധാർ അധിഷ്ഠിത/ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രാജ്യാന്തര നിലവാരമുള്ളതും ഹോളോഗ്രാം പതിപ്പിച്ചതുമായ എലഗന്റ് ഡ്രൈവിംഗ് ലൈസൻസ് കാർഡ് രണ്ടുമാസത്തിനുള്ളിൽ കൊണ്ടുവരുന്നതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങൾ വകുപ്പുദ്യോഗസ്ഥർ സ്കൂളുകളിൽ നേരിട്ടെത്തി പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന 'വിദ്യാ വാഹൻ' പദ്ധതി ആവിഷ്കരിക്കുകയും മോട്ടോർ വാഹന വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി 'വാഹനീയം' അദാലത്തിന് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. 2,43,231 വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുകയും ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം (ഐ.ടി.എസ്.) നടപ്പാക്കാനുള്ള പദ്ധതിക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. പെട്രോൾ, ഡീസൽ

ഓട്ടോറിക്ഷകൾ ഇലക്ട്രിക് ഓട്ടോറിക്ഷകളാക്കി മാറ്റുന്നതിനുള്ള Retro fitment subsidy പദ്ധതി നടപ്പിലാക്കുന്നതാണ്. Automatic weighing motion bridge-കളും നിരീക്ഷണ ക്യാമറകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച് അതിർത്തി ചെക്ക് പോസ്റ്റുകളെ കോണ്ടാക്ട്ലെസ് ചെക്കുപോസ്റ്റുകളാക്കാനും കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കാനുമുള്ള പദ്ധതിക്ക് രൂപം നൽകുന്നതാണ്. മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങൾ കടലാസ് രഹിതമാക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

കോവളം-ബേക്കൽ ജലപാത യാഥാർത്ഥ്യമാകുന്നതോടുകൂടി ജലഗതാഗത മേഖലയിൽ വൻനേട്ടമാണുണ്ടാകുന്നത്. എറണാകുളം-ആലപ്പുഴ മേഖലകളിൽ രണ്ട് കറ്റാമറൈൻ ബോട്ട് സർവ്വീസുകൾ ആരംഭിക്കുകയും നാല് സോളാർ ബോട്ടുകളുടെയും പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടിന്റെയും നിർമ്മാണം അന്തിമ ഘട്ടത്തിലുമാണ്.

കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളപരിഷ്കരണം നടപ്പിലാക്കുകയും ശമ്പള വിതരണത്തിന് ജി-സ്പാർക്ക് സംവിധാനം ഏർപ്പെടുത്തുകയും മാനേജുമെന്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ പ്രൊഫഷണൽ ബോർഡ് രൂപീകരിക്കുകയും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ഏപ്രിൽ മാസത്തോടെ

സർവ്വീസ് ആരംഭിക്കുകയും തൊടുപുഴ-പാലാ ബസ് ടെർമിനൽ കോംപ്ലക്സ് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ഗതാഗത പ്രശ്നത്തിന് ശാശ്വതപരിഹാരമുണ്ടാക്കാൻ കഴിയുന്ന 'ഗ്രാമവണ്ടി ' പദ്ധതി ജൂലൈ 30-ന് പാറശ്ശാലയിലെ കൊല്ലയിൽ പഞ്ചായത്തിൽനിന്നും സർവ്വീസ് ആരംഭിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ഭരണഘടനയെ അവഹേളിച്ചും ജനാധിപത്യ മൂല്യങ്ങളെ തള്ളിപ്പറഞ്ഞും സത്യപ്രതിജ്ഞാ ലംഘനം നടത്തിയ മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി രാജിവയ്ക്കുകയോ മന്ത്രിസഭയിൽനിന്ന് പുറത്താക്കുകയോ ചെയ്യാത്ത നടപടിയിൽ പ്രതിഷേധിച്ച് മത്സ്യബന്ധനം സംബന്ധിച്ച ധനാഭ്യർത്ഥയിന്മേലുള്ള മറുപടി പ്രസംഗം ബഹിഷ്കരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): മല്ലപ്പള്ളിയിൽ നടന്ന ഒരു പരിപാടിയിൽ ഭരണഘടനയെ അധിക്ഷേപിച്ച് സംസാരിച്ചെന്ന രീതിയിൽ വരുന്ന വാർത്ത

വളച്ചൊടിക്കപ്പെട്ടതാണ്. രാജ്യത്ത് ചൂഷണം ചെയ്യപ്പെടുന്ന ജനകോടികൾക്ക് നീതി ലഭിക്കണമെങ്കിൽ ഭരണഘടനയുടെ നിർദ്ദേശ തത്വങ്ങളിൽ കൂടുതൽ ശാക്തീകരണം അനിവാര്യമാണെന്നും അതല്ലെങ്കിൽ വർദ്ധിച്ചുവരുന്ന അസമത്വങ്ങൾക്കെതിരെ പ്രതിരോധം തീർക്കാൻ ഭരണഘടനയ്ക്ക് ശക്തിയുണ്ടാകില്ലെന്നുമുള്ള ആശങ്കയാണ് ഞാൻ പ്രകടിപ്പിച്ചത്. തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുത്തുകൊണ്ട് ലേബർ കോഡുകൾ അടിച്ചേൽപ്പിക്കുന്നത് കൊടിയ ചൂഷണത്തിന് വഴിവയ്ക്കുമെന്നും ഇത്തരം നയങ്ങൾ ഭരണഘടനയുടെ അന്തഃസത്തയും മൂല്യങ്ങളും തകർക്കുന്നതാണെന്നുമാണ് ചൂണ്ടിക്കാട്ടിയത്. സ്വാതന്ത്ര്യം ലഭിച്ച് 75 വർഷത്തിനുശേഷവും രാജ്യത്തെ മഹാഭൂരിപക്ഷം ജനങ്ങൾക്കും സാമൂഹ്യനീതി നിഷേധിക്കപ്പെടുന്നത് ചൂണ്ടിക്കാണിക്കുകയെന്ന പൊതുപ്രവർത്തകന്റെ കടമ നിർവ്വഹിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. അവതരിപ്പിച്ച മേൽ കാര്യങ്ങൾ തെറ്റായി വ്യാഖ്യാനിക്കപ്പെടാൻ ഇടയായിട്ടുണ്ടെങ്കിൽ അതിയായ ദുഃഖവും ഖേദവും പ്രകടിപ്പിക്കുന്നു.

സർക്കാരിന്റെ അധികാര പരിധിയിൽ നിന്നുകൊണ്ട് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ചെയ്യാവുന്നതിന്റെ പരമാവധി സഹായം ചെയ്തിട്ടുണ്ട്. 'പുനർഗേഹം' പദ്ധതിയിൽ രജിസ്ട്രേഷൻ ഫീസ്

ഒഴിവാക്കിയതിലൂടെ ഗുണഭോക്താക്കൾക്ക് 60,000 രൂപ അധികമായി ലഭിക്കുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച അദാലത്തുകളിൽ ലഭിച്ച അപേക്ഷകളിന്മേൽ 146 എണ്ണം തീർപ്പാക്കുകയും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് വേഗത്തിൽ ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. കടലിൽവച്ച് അപകടമരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അഞ്ച് ലക്ഷം രൂപ നൽകിവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം വറുതികാലത്ത് 100 കോടിയോളം രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ പുതിയ ഫിഷറീസ് സ്റ്റേഷനുകളും ആവശ്യമായ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. സ്ത്രീ മത്സ്യ അനുബന്ധ തൊഴിലാളികളുടെ സൗജന്യ യാത്രയ്ക്കായി കെ.എസ്.ആർ.ടി.സി.യുമായി ചേർന്ന് തിരുവനന്തപുരം ജില്ലയിൽ 'സമുദ്ര' ബസ് സർവ്വീസ് നടപ്പാക്കിയിട്ടുണ്ട്. 2021-ലെ കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമപ്രകാരമുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതോടെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും

മത്സ്യത്തൊഴിലാളികളെ പൂർണ്ണമായും സംരക്ഷിക്കാൻ കഴിയുന്നതാണ്. ഗുരുതര രോഗം ബാധിച്ച 178 മത്സ്യത്തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം അനുവദിക്കുകയും കടൽക്ഷോഭം രൂക്ഷമായ പത്ത് ഹാർബറുകളിൽ സുരക്ഷാ സ്ക്വാഡും അനുബന്ധ സംവിധാനങ്ങളും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ദത്തെടുക്കൽ പദ്ധതിയുടെ ഭാഗമായി 12 കുട്ടികളെ ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ഏറ്റെടുക്കുകയുണ്ടായി. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. റിസർവ്വോയർ/കുളങ്ങളിലെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജില്ലകൾതോറും ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ രൂപീകരിക്കുന്നതുകൂടാതെ 'ഒരു നെല്ലും ഒരു മീനും' പദ്ധതി വ്യാപിപ്പിക്കാനും കൃഷി വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഉൾനാടൻ മേഖലയിൽ ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾ വിൽക്കാനുള്ള ഔട്ട്ലെറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വമെടുക്കാൻ ഓൺലൈൻ സൗകര്യമേർപ്പെടുത്തുകയും ഫിഷറീസ് വകുപ്പിന്റെ 14 പദ്ധതികൾ ഇ-സേവനത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കൊല്ലത്തെ കോമൺ പ്രീ-പ്രോസസ്സിംഗ് സെന്ററിലെ സാമ്പത്തിക ക്രമക്കേട് ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ മുഖാന്തരം അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുകയും മത്സ്യഫെഡിലെ ക്രമക്കേടുകൾ അന്വേഷിക്കാൻ വിജിലൻസിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തീരദേശത്തും ഉൾനാടൻ മേഖലയിലുമുൾപ്പെടെ അവശതയനുഭവിക്കുന്നവരെ സഹായിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ ഉച്ചയ്ക്കുശേഷം 3.32-ന് പിരിഞ്ഞു.)

*******